പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 479

26.04.2017 - ൽ മറുപടിയ്ക്ക്

കയർത്തൊഴിലാളികളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | ഉത്തരം<br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;<br><br>ബി) കയർത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ? | എ) & ബി)<br>കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനു വേണ്ടി ഈ സർക്കാർ ഒരു രണ്ടാം പുന:സംഘടനാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സംയോജിപ്പിക്കുമ്പോൾ കൂടുതൽ പേർക്ക് തൊഴിൽ നൽകാനാകും. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്യുന്നത്. യന്ത്രവത്ക്കരണം വഴി ഉൽപ്പാദന വർദ്ധനവ് കൈവരിക്കാനാകും. തന്മൂലം സംഘങ്ങളിൽ കൂലി വർദ്ധനവ് നടപ്പാക്കാനും കഴിയും. സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കും. ആയതിനായി 2016-17 വർഷത്തിൽ 77 കോടി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം വർദ്ധിപ്പിച്ച് തൊഴിലാളികളെ സംരക്ഷിക്കും. |

സെക്ഷൻ ഓഫീസർ